# ഡോ. മിലി മണി

## മലബാർ ഹോസ്പിറ്റലിന്റെ അമരക്കാരി

ക്രാന്തദർശികളായ മാതാപിതാക്കൾ, അവർ തെളിയിച്ച പാതയിലൂടെ മുന്നേറുക, അവരുടെ പാരമ്പര്യത്തിന്റെ പെരുമ വർദ്ധിപ്പിക്കുക. ഇതെല്ലാം ഏതൊരു വ്യക്തിയ്ക്കും അഭിമാനമുള്ള കാര്യങ്ങളാണ്. അത് ആതുരസേവന മേഖലയിലും, സാമൂഹ്യ സേവനത്തിലുമാണെങ്കിൽ ആ വിജയത്തിന് മധുരം കൂടും. പ്രത്യാശയുടെ വെളിച്ചം തേടിയെത്തുന്ന അനേകം രോഗികൾക്കും അബലർക്കും ആശ്വാസവും, പ്രതീക്ഷയും, നൽകുന്ന വ്യക്തി, മലബാറിൽ ആതുര സേവനത്തിന്റെ വക്താക്കളായ കോഴിക്കോട് മലബാർ ഹോസ്പിറ്റലിന്റെ സാരഥി ഡോ. മിലി മണിയാണ് ഈ വിശേഷണങ്ങൾക്ക് അർഹ. തന്റെ മാതാവ് ഡോ. പി.എ. ലളിത തുടങ്ങിവച്ച ആതുര സേവനത്തിന്റെയും സാമൂഹ്യ സേവനത്തിന്റെയും പിന്തുടർച്ച ഏറ്റെടുത്ത് മുന്നേറുകയാണ് ഡോ. മിലി മണി. മലബാറിന്റെ ആരോഗ്യ മേഖലയിൽ മലബാർ ഹോസ്പിറ്റൽ ചെലുത്തുന്ന സ്വാധീനത്തേക്കുറിച്ച് സംസാരിക്കുകയാണ് ഡോ. മിലി മണി.

ഡോ. ലളിത എന്ന ക്രാന്തദർശിയായ ആതുരസേവക കോഴിക്കോട് ഒരു ചെറിയ ക്ലിനിക്ക് തുടങ്ങിക്കൊണ്ടാണ് തന്റെ പ്രവർത്തനം ആരംഭിക്കുന്നത്. തുടർന്ന്, ഭർത്താവും പ്രമുഖ യൂറോളജിസ്റ്റുമായ ഡോ. വി.എൻ. മണി കൂടി ഈ യാത്രയിൽ ചേരുന്നതോടെയാണ് മലബാർ ഹോസ്പിറ്റൽ എന്ന പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. ഇവരുടെ മകളായ ഡോ. മിലിയാണ് ഈ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാരഥി. മൈസൂർ ജെ.എസ്.എസ്. മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസും, മുംബെയ് ഡി.വൈ. പാട്ടീൽ ഹോസ്പിറ്റലിൽ നിന്നും ഒബ്സ്റ്റെട്രിക്സ്&ഗൈനക്കോളജിയിൽ ഡി.ജി.ഒയും പൂർത്തിയാക്കിയ ശേഷമാണ് ഡോ. മിലി മലബാർ ഹോസ്പിറ്റലിൽ പ്രവർത്തനം ആരംഭിക്കുന്നത്. ഇതിനിടയിൽ തന്നെ ലാപ്രോസ്കോപ്പി&യൂറോഗൈനക്കോളജി, കോസ്മെറ്റിക് ഗൈനക്കോളജി എന്നീ മേഖലയിൽ ഫെല്ലോഷിപ്പ് കരസ്ഥമാക്കുകയും



ചെയ്തു. യൂറോളജി മേഖലയിൽ അത്യാധുനീക ചികിത്സ നൽകുന്ന കേരളത്തിലെ ഏക ലേഡി ഡോക്ടറും, കോസ്മെറ്റിക് ഗൈനക്കോളജിയിൽ സേവനം നടത്തുന്ന കോഴിക്കോട്ടെ ഏക ഡോക്ടറുമാണ് ഡോ. മിലി. സാധാരണ ഗൈനക്കോളജി കേസുകൾ മുതൽ അതിസങ്കീർണ്ണമായ സർജറികളിലും വിദഗ്ദയാണ് ഡോ. മിലി. കൂടാതെ, മലബാറിൽ ഏറ്റവും അധികം ലാപ്രോസ്കോപ്പിക് സർജറി നടത്തിയ

ഖ്യാതിയും ഡോ. മിലിയുടെ പേരിലാണ്. മലബാർ ഹോസ്പിറ്റലിനെ പ്രദേശത്തെ മികച്ച ആതുര സേവനകേന്ദ്രമാക്കി മാറ്റുവാൻ നേതൃത്വം നൽകുന്നതോടൊപ്പം തന്നെ സ്ത്രീകളുടെ ആരോഗ്യപരവും, സാമൂഹികവുമായ ജീവിതത്തിൽ ഉന്നമനം ഉണ്ടാകണമെന്ന ആഗ്രഹത്തിൽ പ്രവർത്തിക്കുന്ന സാമൂഹിക സേവകയുമാണ് ഡോ. മിലി.

2009ൽ ഡോ. മിലി ചാർജെടുത്തതോടെ ഗൈനക്കോളജി, യൂറോ ഗൈനക്കോളജി, ഓങ്കോളജി, കാർഡിയോളജി, ന്യൂറോളജി, പൾമണോളജി, നെഫ്രോളജി, ഓർത്തോപീഡിക്സ്, ഡയബറ്റോളജി, ഗ്യാസ്ട്രോ എന്ററോളജി, ഗ്യാസ്ട്രോ സർജറി, ഇ.എൻ.ടി., കോസ്മെറ്റിക് ഡെർമറ്റോളജി, കോസ്മെറ്റിക് ഡെന്റിസ്ട്രി, ക്രിട്ടിക്കൽ കെയർ എന്നീ മേഖലകളിൽ വലിയൊരു കുതിപ്പ് നടത്താൻ മലബാർ ഹോസ്പിറ്റലിന് സാധിച്ചു. ഇതിനെല്ലാം പുറമെ അത്യാധുനീക സ്കാനിംഗ്, ലാബ് സൗകര്യങ്ങൾ, ഫാർമസി, ഹെൽത്ത് ചെക്കപ്പ് പ്ലാനുകൾ, ഇൻഷുറൻസ് ഡെസ്ക് എന്നീ സേവനങ്ങളിലും ഏറെ മുന്നിലാണ് മലബാർ ഹോസ്പിറ്റൽ. ഇതിനെല്ലാം പുറമെ, മലബാർ ഹോസ്പിറ്റൽ ഹോം കെയർ സേവനങ്ങളും നൽകുന്നുണ്ട്. വാർദ്ധക്യത്തിലെത്തിയ രോഗികൾക്കും, ശസ്ത്രക്രിയയ്ക്ക് ശേഷം സുഖം പ്രാപിക്കുന്ന രോഗികൾക്കും മികച്ച ആരോഗ്യ സംരക്ഷണമാണ് മലബാർ ഹോസ്പിറ്റൽ വാഗ്ദാനം ചെയ്യുന്നത്. മികച്ച പരിശീലനം ലഭിച്ചതും, യോഗ്യതയുള്ളവരെയുമാണ് ഇതിനായി നിയോഗിക്കുന്നത്.

> 2009ൽ ഡോ. മിലി ചാർജെടുത്തതോടെ ഗൈനക്കോളജി, യൂറോ ഗൈനക്കോളജി, ഓങ്കോളജി, കാർഡിയോളജി, ന്യൂറോളജി, പൾമണോളജി, നെഫ്രോളജി, ഓർത്തോപീഡിക്സ്, ഡയബറ്റോളജി, ഗ്യാസ്ട്രോ എന്ററോളജി, ഗ്യാസ്ട്രോ സർജറി, ഇ.എൻ.ടി., കോസ്മെറ്റിക് ഡെർമറ്റോളജി, കോസ്മെറ്റിക് ഡെന്റിസ് ട്രി, ക്രിട്ടിക്കൽ കെയർ എന്നീ മേഖലകളിൽ വലിയൊരു കുതിപ്പ് നടത്താൻ മലബാർ ഹോസ്പിറ്റലിന് സാധിച്ചു.

ഇന്ന് സ്ത്രീകളിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട രോഗങ്ങളാണ് ബ്രെസ്റ്റ് ക്യാൻസറും, ഗർഭാശയ ക്യാൻസറും. തുടക്കത്തിലേ കണ്ടുപിടിച്ച് ചികത്സിച്ചാൽ പൂർണ്ണമായും രോഗമവിമുക്തി നേടാവുന്ന രോഗങ്ങളാണ് ഇത്. എന്നാൽ ടെസ്റ്റുകളോടും, ചികിത്സകളോടുമുള്ള നമ്മുടെ ഭയവും, വിമുഖതയുമാണ് പലപ്പോഴും അപക ടത്തിലേയ്ക്കെത്തിക്കുന്നതെന്ന് ഡോ. മിലി പറയുന്നു. ഇതിനായി ജനങ്ങൾക്ക് കൃത്യമായ അവബോധം നൽകുന്നതിൽ സർക്കാരും ആരോഗ്യ സ്ഥാപനങ്ങളും മുൻകൈയ്യെടുക്കുന്നുണ്ടെങ്കിലും, സോഷ്യൽ മീഡിയയിൽ വരുന്ന തെറ്റായ പ്രചരണങ്ങളിലാണ് ജനങ്ങൾ കൂടുതലും വിശ്വസിക്കുന്നതെന്നത് ആശങ്കാജനകമാണെന്നും ഡോ. മിലി കൂട്ടിച്ചേർക്കുന്നു.

മെഡിക്കൽ ടൂറിസത്തിനും, ആരോഗ്യ മേഖലയിലുള്ള വളർച്ചാ നിരക്കിലും കോഴിക്കോടിന് വലിയ സാധ്യതയാണുള്ളത്. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് കോഴിക്കോട് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുവാൻ തയ്യാറെടുക്കുകയാണ് തങ്ങൾ എന്ന് ഡോ. മിലി പറയുന്നു. പെൺകുട്ടികൾക്ക് സഹായം നൽകുന്ന "സുകൃതം ചാരിറ്റബിൾ ട്രസ്റ്റിന്" നേതൃത്വം നൽകുന്നതും ഡോ. മിലിയാണ്. സേവനത്തിന്റെ വിവിധ മേഖലകളിൽ മികവ് തെളിയിക്കുന്ന "ഡോക്ടർക്കുള്ള ഡോ. ലളിത മെമ്മോറിയൽ അവാർഡ്" വിതരണം എല്ലാവർഷവും ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്.

ഐ.എം.എ.യുടെ മികച്ച സെക്രട്ടറിക്കുള്ള ദേശീയ, സംസ്ഥാന അവാർഡ് ജേതാവാണ് ഡോ. മിലി. കോഴിക്കോട് വനിതാ ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡന്റ്, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ കോഴിക്കോട് ജില്ലാ പ്രസിഡന്റ്, കോഴിക്കോട് മിഷൻ പിങ്ക് ഹെൽത്ത് ഡിസ്ട്രിക്ട് കോ-ഓഡിനേറ്റർ, സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന "പെൺ കൂട്ട്" എന്ന സംഘടനയുടെ പ്രസിഡന്റ് എന്നിങ്ങനെ അനേകം സ്ഥാനമാനങ്ങൾ വഹിക്കുന്ന വ്യക്തിയുമാണ് ഡോ. മിലി. കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾക്കും, പീഡനങ്ങൾക്കുമെതിരെയുള്ള അനേകം ക്യാമ്പെയ്നുകൾക്കും അവർ നേതൃത്വം നൽകുന്നുണ്ട്. ഡോക്ടർ എന്നതിനപ്പുറം സഞ്ചാരിയും, പുസ്തക പ്രേമിയുമാണ് ഡോ. മിലി. ഭർത്താവ് ഡോ. കോളിൻ, മകൾ മാൻസി എന്നിവരടങ്ങുന്നതാണ് ഡോ. മിലി മണിയുടെ കുടുംബം.

